**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 773** **02-02-2023 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് തുക തിരികെ നൽകുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന് സാമ്പത്തിക ക്രമക്കേടുമൂലം നിക്ഷേപകർക്ക് നിക്ഷേപം പൂർണ്ണമായി തിരികെ കൊടുക്കുന്നതിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ബാങ്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം 31-08-2022 ൽ കാലാവധി പൂർത്തിയായ സ്ഥിര നിക്ഷേപങ്ങളുടെ മുതലിന്റെ 10 ശതമാനവും പലിശയുടെ 50 ശതമാനവും നിക്ഷേപകർക്ക് 15-10-2022 മുതൽ നൽകി വരുന്നുണ്ട്. 25-01-2023 തിയതി വരെ 3434 നമ്പറുകളിലായി 13.61 കോടി രൂപ തിരികെ നൽകുകയും, 10150 നമ്പറുകളിലായി 42 കോടി രൂപയുടെ നിക്ഷേപം ഒരു വർഷത്തേക്ക് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ തടസ്സങ്ങൾ നീക്കുന്നതിനും വിവാഹം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ അടിയന്തര ആവശ്യങ്ങൾക്കായി നിക്ഷേപം തിരികെ ആവശ്യപ്പെടുന്നവർക്ക് മുൻഗണന നൽകിക്കൊണ്ട് മുഴുവൻ നിക്ഷേപവും കാലാവധിക്കുശേഷം തിരികെ നൽകുന്നതിനും നടപടി സ്വീകരിക്കാമോ; | (ബി) | വിവാഹം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ അടിയന്തര ആവശ്യങ്ങൾക്കായി നിക്ഷേപം തിരികെ ആവശ്യപ്പെടുന്നവർക്ക് മുൻഗണന നൽകിക്കൊണ്ട് നിക്ഷേപ തുക നൽകാറുണ്ട്. |
| (സി) | ഇതിനായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (സി) | സംഘം നല്കിയ വായ്പകളിൽ കുടിശ്ശികയായ വായ്പകൾ സെയിലോഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്തി ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികളിലൂടെ തിരികെ ഈടാക്കിയും, പുനരുദ്ധാരണ പാക്കേജ് പ്രകാരം സമാഹരിച്ച തുകയും വിനിയോഗിച്ച് നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ